പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ - 5899 28.10.2011 -ൽ മറുപടിയ്ക്ക്

## സമരങ്ങളിൽ പൊതുമുതൽ നശിപ്പിച്ചവർക്കെതിരെ നടപടി

ചോദ്യം | ഉത്തരം

ശ്രീ. എൻ.ഷംസുദ്ദീൻ

ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യ മന്ത്രി)

| | | | |
|---|---|---|---|
| എ | ഈ സർക്കാർ അധികാരമേറ്റശേഷം പ്രതിപക്ഷ യുവജന വിദ്യാർത്ഥി സംഘടനകൾ നടത്തിയ സമരങ്ങളിൽ എത്ര സർക്കാർ, കെ.എസ്.ആർ.ടി.സി., സ്വകാര്യ വാഹനങ്ങൾ തകർത്തിട്ടുണ്ട് ; | എ | ഈ സർക്കാർ അധികാരമേറ്റശേഷം പ്രതിപക്ഷ യുവജന വിദ്യാർത്ഥി സംഘടനകൾ നടത്തിയ സമരങ്ങളുമായി ബന്ധപ്പെട്ട അക്രമങ്ങളിൽ സംസ്ഥാനത്ത് 35 സർക്കാർ വാഹനങ്ങളും, 23 കെ.എസ്.ആർ.ടി.സി. ബസ്സുകളും, 10 സ്വകാര്യ വാഹനങ്ങളും തകർത്തിട്ടുണ്ട്. |
| ബി | ഇതു വഴി സർക്കാരിന് എത്ര ലക്ഷം രൂപയുടെ നഷ്ടം ആണ് ഉണ്ടായിട്ടുള്ളത് ; | ബി | ഏകദേശം 10.56 ലക്ഷം രൂപയുടെ നഷ്ടം സർക്കാരിന് ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട് |
| സി | ഇത്തരം നാശനഷ്ടമുണ്ടാക്കിയവർ ആരൊക്കെ എന്ന് വ്യക്തമായിട്ടുണ്ടോ ;<br>എങ്കിൽ അവർക്കെതിരെ എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇപ്രകാരം പൊതുമുതൽ നശിപ്പിക്കുന്നവരെ തിരിച്ചറിയുന്നതിന് റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ സഹായക മായിട്ടുണ്ടോ ; ആയതിന്റെ വിശദാംശം നൽകാമോ ? | | പ്രതിപക്ഷ വിദ്യാർത്ഥി യുവജന സംഘടന കളായ എസ്.എഫ്.ഐ.,ഡി.വൈ.എഫ്.ഐ., എ.ഐ.എസ്.എഫ്., എ.ഐ.വൈ.എഫ്. എന്നീ സംഘടനകളിൽപ്പെട്ട പ്രവർത്തകർ നടത്തിയ സമരങ്ങളോടാനുബന്ധിച്ചാണ് നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളത്. പൊതുമുതൽ നശിപ്പിക്കൽ, തടയൽ നിയമ പ്രകാരവും ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരവും കേസ്സുകൾ രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു. അക്രമികളെ തിരിച്ചറിയുന്നതിന് റോഡുകളിൽ സ്ഥാപിച്ച ക്യാമറകളിൽ നിന്നും ലഭിച്ച ചിത്രങ്ങൾ സഹായകമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ